പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4205

26.6.2013 ലെ മറുപടിയ്ക്ക്

## ജി.കെ.എസ്.എഫ്.പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പാലോട് രവി<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. വി.പി. സജീന്ദ്രൻ | ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
| എ) വിനോദസഞ്ചാര വികസനത്തിന് ജി.കെ.എസ്.എഫ് വിപുലമാക്കാൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം; | ബി) കേരളത്തിലെ വ്യാപാര വാണിജ്യ ടൂറിസം മേഖലകളുടെ വളർച്ചയും അതുവഴി കേരളത്തിലേക്ക് ടൂറിസ്റ്റുകളെ ആകർഷിക്കുകയും ചെയ്യുന്നതിനാണ് ജി.കെ.എസ്.എഫ് ലക്ഷ്യമിടുന്നത്. നമ്മുടെ രാജ്യത്തിന്റെ സാംസ്കാരിക പൈതൃകം മുതൽ പരമ്പരാഗത വാണിജ്യ മേന്മകൾ വരെ കേരളം സന്ദർശിക്കുന്ന അന്യദേശക്കാർക്കുകൂടി പരിചയപ്പെടുത്തി അതുവഴി കേരളത്തിന്റെ സാമ്പത്തിക സ്ഥിതി കൂടുതൽ മെച്ചപ്പെടുത്തുക എന്ന ഉദ്ദേശം കൂടി ഈ പദ്ധതിക്കുണ്ട്. കേരളത്തിന്റെ തനതായ ഉല്പന്നങ്ങൾക്ക് അന്തർദ്ദേശീയ പ്രസക്തിയും പ്രശസ്തിയും ലഭിക്കുന്നതിന് കൈത്തറി, കയർ, കശുവണ്ടി, സുഗന്ധവ്യഞ്ജനങ്ങൾ, കരകൗശല വസ്തുക്കൾ എന്നിവയുടെ ഉൽപാദകരെ പങ്കെടുപ്പിച്ചു കൊണ്ട് ജി.കെ.എസ്.എഫ് കേരളത്തിലെ വിവിധ ജില്ലകളിൽ വ്യാപാരമേളകളും എക്സിബിഷനുകളും സംഘടിപ്പിക്കുന്നുണ്ട്. |
| സി) പദ്ധതി നടത്തിപ്പിൽ ആരെയെല്ലാമാണ് പങ്കാളികളാക്കാനുദ്ദേശിക്കുന്നത്; | സി) പദ്ധതി നടത്തിപ്പിൽ കേരളത്തിലെ വലുതും ചെറുതുമായ വ്യാപാര സ്ഥാപനങ്ങൾക്ക് ജി.കെ.എസ്.എഫിൽ രജിസ്റ്റർ ചെയ്ത് പങ്കാളിയാകാൻ അവസരം നൽകുന്നു. കേരളത്തിലെ പൊതുമേഖലാസ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ദേശീയതലത്തിൽ സ്പോൺസർമാരെ |

| | | |
|---|---|---|
| | | കണ്ടെത്തി ഫെസ്റ്റിവൽ വിപുലപ്പെടുത്താനും ഉദ്ദേശിക്കുന്നു. പത്ര-ദൃശ്യമാധ്യമങ്ങളും എഫ്.എം. റേഡിയോയും ജി.കെ.എസ്.എഫിന്റെ പ്രചാരണരംഗത്ത് പങ്കാളികളാണ്. |
| ഡി) | ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | ഡി) വ്യാപാരസ്ഥാപനങ്ങൾക്ക് അവർക്ക് താൽപര്യമുള്ള കാറ്റഗറിയിൽ രജിസ്റ്റർ ചെയ്യുന്നതിന് ഗോൾഡ്, സിൽവർ, ജനറൽ എന്നീ മൂന്നു കാറ്റഗറികൾ നിശ്ചയിച്ചിട്ടുണ്ട്. ഗോൾഡ്, സിൽവർ കാറ്റഗറിയിൽ രജിസ്റ്റർ ചെയ്യുന്ന സ്ഥാപനങ്ങൾക്ക് സൗജന്യസമ്മാനകൂപ്പണുകളും സ്ഥാപനത്തിന്റെ അലങ്കാരത്തിനുള്ള കിറ്റുകളും നൽകുന്നു. സ്പോൺസർഷിപ്പിന് താൽപര്യമുള്ള സ്ഥാപനങ്ങളുടെ പ്രതിനിധികൾക്ക് ജി.കെ.എസ്.എഫിന്റെ ഗുണഭോക്താക്കളാകുന്നതിന് അവസരമൊരുക്കുന്ന സ്പോൺസർഷിപ്പ് മീറ്റ് സംഘടിപ്പിക്കുന്നു. പത്രമാധ്യമങ്ങൾക്ക് ജി.കെ.എസ്.എഫ് തീരുമാനിക്കുന്ന ആശയങ്ങൾ ഉൾപ്പെടുത്തിയ വിൽപ്പന സ്റ്റാളുകളോടുകൂടിയ എക്സിബിഷനുകൾ സംഘടിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുന്നു. പത്ര-ദൃശ്യമാധ്യമങ്ങളെയും എഫ്.എം. റേഡിയോയെയും ജി.കെ.എസ്.എഫ് പ്രചാരണപരിപാടിയുടെ ഭാഗമാക്കുന്നു. കൂടാതെ ഷോപ്പിങ്ങ് ഫെസ്റ്റിവലിന്റെ ഉദ്ഘാടന / സമാപന സമ്മേളനത്തോടൊപ്പം ദേശീയ നിലവാരമുള്ള കലാപരിപാടികൾ സംഘടിപ്പിക്കുന്നു. സുതാര്യമായ രീതിയിൽ പൊതുജനങ്ങളുടെ സാന്നിദ്ധ്യത്തിൽ ആഴ്ചതോറുമുള്ള നറുക്കെടുപ്പും മെഗാനറുക്കെടുപ്പും സംഘടിപ്പിക്കുന്നു. എല്ലാ കാറ്റഗറിയിലും പെടുന്ന ജി.കെ.എസ്.എഫിന്റെ പ്രവർത്തനങ്ങളിൽ മുൻപന്തിയിലെത്തുന്ന ഓരോ കാറ്റഗറിയിലും പെടുന്ന വ്യാപാരസ്ഥാപനങ്ങൾക്ക് സമ്മാനങ്ങൾ നൽകുന്നു. |

സെക്ഷൻ ഓഫീസർ